# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 639 — 28/9/2016 -ൽ മറുപടിക്ക്

## സമഗ്ര കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.സത്യൻ | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പമന്ത്രി) |
| (എ) കിളിമാനൂർ, പഴയകുന്നുമ്മേൽ, മടവൂർ ഗ്രാമപഞ്ചായത്തുകൾക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും ഇനി എന്തെല്ലാം പണികൾ അവശേഷിക്കുന്നുണ്ടെന്നും എന്നത്തേക്ക് കമ്മീഷൻ ചെയ്യുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | (എ) കിളിമാനൂർ, പഴയകുന്നുമ്മേൽ, മടവൂർ ഗ്രാമപഞ്ചായത്തുകൾക്കു വേണ്ടിയുള്ള സമഗ്രകുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഇപ്പോഴത്തെ സ്ഥിതി താഴെ വിവരിക്കുന്നു.<br>പാക്കേജ് - (1) : കൈലാസംകുന്നിൽ 14.64 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണിയുടെ നിർമ്മാണവും 8.92 കി.മീ നീളത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പണികളും പൂർത്തിയായിക്കഴിഞ്ഞു.<br>പാക്കേജ് - (2) : 8.77 എം.എൽ.ഡി ജല ശുദ്ധീകരണശാലയുടെ നിർമ്മാണം ഇരട്ടച്ചിറയിൽ പൂർത്തീകരിച്ചു.<br>പാക്കേജ് - (3) : കിളിമാനൂർ, പഴയകുന്നുമ്മേൽ, മടവൂർ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള 57.45 കി.മീ നീളത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പണിയും മറ്റ് അനുബന്ധ പണികളും പൂർത്തിയായി.<br>പാക്കേജ് - (4) : കടൽ കാണിക്കുന്നിലെ 4.37 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണിയുടെ നിർമ്മാണവും 31.18 കി.മീ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പണികളും പൂർത്തിയായിക്കഴിഞ്ഞു.<br>പാക്കേജ് - (5) : കാരേറ്റ് പാലത്തിനു സമീപം 9 മീ. വ്യാസമുള്ള കിണറിന്റെയും, പമ്പ് ഹൗസിന്റെയും പണികളും അതിനോടനുബന്ധിച്ച് 16.72 കി.മീ പൈപ്പ് ലൈനിന്റെ പണികളും പൂർത്തീകരിച്ചു.<br>പാക്കേജ് - (6) : കിളിമാനൂർ, പഴയകുന്നുമ്മേൽ, മടവൂർ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള 4.22 കി.മീ ദൂരത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പണികൾ പൂർത്തിയായിക്കഴിഞ്ഞു. |

പാക്കേജ് - (7) : കാരേറ്റ് പമ്പ് ഹൗസ്, ഇരട്ടച്ചിറ പമ്പ് ഹൗസ്, തട്ടത്തുമല പമ്പ് ഹൗസ് എന്നിവിടങ്ങളിലെ പമ്പ് സെറ്റും ട്രാൻസ്ഫോർമറും സ്ഥാപിക്കുന്ന പ്രവൃത്തികളിൽ 80% പണികൾ പൂർത്തിയായിട്ടുണ്ട്.

പാക്കേജ് - (8) : കാരേറ്റ് പമ്പ് ഹൗസിനു സമീപം ഇൻഡോർ ട്രാൻസ്ഫോർമർ കെട്ടിടം, ഇരട്ടച്ചിറ, തട്ടത്തുമല എന്നീ സ്ഥലങ്ങളിലെ ഇൻഡോർ ട്രാൻസ്ഫോർ കെട്ടിടത്തിന്റെയും അനുബന്ധ ഘടകങ്ങളുടെയും പണികൾ പൂർത്തിയായി.

പാക്കേജ് - (7) - ൽ അവശേഷിക്കുന്ന പണികൾ

1. പാനൽബോർഡ്, പൈപ്പ് ലൈൻ കൂട്ടിയോജിപ്പിക്കൽ പണികളും, കേബിൾ കൂട്ടിയോജിപ്പിക്കൽ പണികളും

2. ഇലക്ട്രിക്കൽ ഇൻസ്പെക്ട്രേറ്റിന്റെ അനുമതിയും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും വൈദ്യുത കണക്ഷന്റെ ലഭ്യതയും.

പാക്കേജ് - (8) - ൽ അവശേഷിക്കുന്ന പണികൾ

ചുറ്റുമതിലിന്റെ പണിയും, യാർഡ് ലൈറ്റിംഗുമായി ബന്ധപ്പെട്ട പണികളും.

ഈ പദ്ധതി 2016 നവംബർ മാസം അവസാനത്തോടെ കമ്മീഷൻ ചെയ്യുവാനാണ് തീരുമാനിച്ചിട്ടുള്ളത്

(ബി) ഈ പദ്ധതിക്കായി എന്തു തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും ഇതുവരെ എന്തു തുക ചെലവഴിച്ചുവെന്നും കരാറുകാർ ആരെല്ലാമെന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക 3100 ലക്ഷം രൂപയും, ഇതിനകം ചെലവഴിച്ച തുക 2431.51 ലക്ഷം രൂപയുമാണ്. കരാറുകാരുടെ വിവരങ്ങൾ താഴെപ്പറയുന്നു.

1. പദ്ധതിയുടെ ഒന്നാമത്തെയും എട്ടാമത്തെയും പാക്കേജുകൾ - അനുരാഗ് എഞ്ചിനിയേഴ്സ്, ജവഹർ നഗർ, തിരുവനന്തപുരം

2. രണ്ടാമത്തെ പാക്കേജ് - ചിക്കാഗോ കൺസ്ട്രക്ഷൻസ് ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ്, ശാസ്തമംഗലം, തിരുവനന്തപുരം.

3. മൂന്നാമത്തെ പാക്കേജ് - ശ്രീ. എൻ.വിനോദ് ലാൽ, ലാലസ് കൺസ്ട്രക്ഷൻസ്, കൊല്ലം.

4. നാലാമത്തെ പാക്കേജ് - ജെ.&ബി എഞ്ചിനീയറിംഗ് ആന്റ് കൺസ്ട്രക്ഷൻസ് കമ്പനി, കുറ്റൂർ.പി.ഒ, തിരുവല്ല.

5. അഞ്ചാമത്തെ പാക്കേജ് - ശ്രീ. ജി.സുരേഷ് അവനവഞ്ചേരി, ആറ്റിങ്ങൽ

6. ആറാമത്തെ പാക്കേജ് - ശ്രീ. എസ്.ശ്രീകുമാർ, പാറശ്ശാല

7. ഏഴാമത്തെ പാക്കേജ് - അശ്വതി ഏജൻസീസ്, വക്കം

(സി) നിർമ്മാണ പ്രവർത്തനം അനന്തമായി നീണ്ടുപോകാതെ പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

(സി) ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ അനുമതിയും അതിനെത്തുടർന്ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും വൈദ്യുത കണക്ഷനും ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പദ്ധതി കമ്മീഷൻ ചെയ്യുവാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ